# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5989 — 04.11.2016 -ലെ മറുപടിയ്ക്ക്

## സർവ്വകലാശാലകളുടെ ഗുണനിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>,, ജി. എസ്. ജയലാൽ<br>,, ഇ. ടി. ടൈസൺ മാസ്റ്റർ<br>,, എൽദോ എബ്രഹാം | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | രാജ്യത്തെ സർവ്വകലാശാലകളുടെ ഗുണനിലവാര പട്ടികയിൽ കേരളത്തിലെ സർവ്വകലാശാലകൾ പിന്നോക്കം നൽക്കുന്നത് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങൾ വിശദമാക്കുമോ; | (എ) & (ബി) | രാജ്യത്തെ സർവ്വകലാശാലകളുടെ ഗുണനിലവാര പട്ടികയിൽ കേരളത്തിലെ സർവ്വകലാശാലകൾ പിന്നോക്കം നിൽക്കുന്നതായി വിലയിരുത്തിയിട്ടില്ല.<br><br>**ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ** ആഭിമുഖ്യത്തിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ, പ്രത്യേകിച്ച് സർവ്വകലാശാലകളുടെ ഗുണനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി, ദേശീയ / അന്തർദേശീയ തലത്തിൽ പ്രശസ്തിയാർജ്ജിച്ച, നോബൽ സമ്മാനജേതാക്കളടക്കമുള്ള പ്രമുഖരെ സംസ്ഥാനത്തെ സർവ്വകലാശാലകളിലും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമെത്തിച്ച് അവരുമായി സംവദിക്കാൻ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അവസരമൊരുക്കുന്ന പദ്ധതിയായ 'എറുഡൈറ്റ് (ERUDITE)' നടപ്പിലാക്കിവരുന്നു.<br><br>പാഠ്യപദ്ധതികളുടെ നവീകരണവും പരീക്ഷാ പരിഷ്കരണവും, മാനവികശേഷി വികസനവും കാര്യക്ഷമതാ പരിപോഷണവും, അക്കാദമിക മേഖലയിലുള്ള അന്താരാഷ്ട്ര സഹകരണത്തിനുള്ള പദ്ധതികൾ, ഹ്രസ്വ – ദീർഘകാല ഗവേഷണ പദ്ധതികൾക്ക് സാമ്പത്തിക സഹായം, അധ്യാപക – അനദ്ധ്യാപക ജീവനക്കാർക്ക് ശിൽപശാല, അന്താരാഷ്ട്ര സമ്മേളനങ്ങളും കൂടിയാലോചനകളും എന്നിവയും കൗൺസിലിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. ഉന്നത വിദ്യാഭ്യാസ |
| (ബി) | കേരളത്തിലെ സർവ്വകലാശാലകളുടെ ഗുണനിലവാരം ഉയർത്തുന്നതിന് വിദ്യാഭ്യാസ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്? | | |

| | | | |
|---|---|---|---|
| | | | രംഗത്തിന്റെ ഗുണമേൻമ വർദ്ധനവ് ലക്ഷ്യമിട്ട് ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടപ്പിലാക്കുന്ന മറ്റൊരു പദ്ധതിയാണ് ക്ലസ്റ്റർ കോളേജ് പദ്ധതി.<br><br>**എ പി ജെ അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി 156** സാങ്കേതിക സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് മേഖലയിലെ അക്കാദമിക വിദഗ്ധരടങ്ങുന്ന രണ്ടംഗ സമിതി വിദഗ്ധ പരിശോധന നടത്തുകയും ഭൗതിക സാഹചര്യം, അദ്ധ്യാപകരുടെ ലഭ്യത തുടങ്ങിയവയെല്ലാം പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ അക്കാദമിക നിലവാരം ഉയർത്തുന്നതിന് അക്കാദമിക് ഓഡിറ്റിംഗ് എന്ന സമ്പ്രദായം നടപ്പിലാക്കി. ഒരോ കോളേജുകളിലേയും അക്കാദമിക പ്രവർത്തനങ്ങൾ സൂക്ഷ്മമായി പരിശോധിക്കുന്നതിനു ഒരോ സ്ഥാപനങ്ങളിലേയ്ക്കും ഒരു ഓഡിറ്ററെ ചുമതലപ്പെടുത്തി. അഫിലിയേഷൻ ലഭിക്കുന്നതിന് എ.ഐ.സി.റ്റി.ഇ യുടെ മാനദണ്ഡങ്ങൾ പാലിക്കണമെന്ന് വ്യവസ്ഥ ഏർപ്പെടുത്തി.<br><br>**കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ** ഏഷ്യൻ രാജ്യങ്ങളിലുള്ള മറ്റു ഗവേഷണശാലകളുടെ നിലവാരത്തിലേക്ക് സർവ്വകലാശാലയുടെ അക്കാദമികരമായ മികവ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ ശ്രമങ്ങൾ നടന്നു വരുന്നു. കൂടാതെ യുവ സംരംഭകത്വ കൂട്ടായ്മയിലേക്ക് സ്റ്റാർട്ട് അപ്- വില്ലേജുകൾ ആരംഭിച്ചിട്ടുണ്ട്.<br><br>**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല**യിൽ സർക്കാരിന്റേയും യുജിസി യുടെയും നിർദ്ദേശമനുസരിച്ച് കോഴ്സുകളുടെ സിലബസിലും, സർവ്വകലാശാലയുടെ മറ്റ് ഗുണനിലവാര നിബന്ധനകളിലും കാലാകാലങ്ങളിൽ വേണ്ട മാറ്റം വരുത്തിയിട്ടുണ്ട്.<br><br>**എം.ജി. സർവ്വകലാശാലയിൽ** അദ്ധ്യാപനം, അദ്ധ്യയനം, ഗവേഷണം, വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ എന്നിവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ഇന്റേണൽ |

| | | | |
|---|---|---|---|
| | | | ക്വാളിറ്റി അഷ്വറൻസ് സെൽ (IQAC) സ്വീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾ, ഗവേഷണ വിദ്യാർത്ഥികൾ, അദ്ധ്യാപകർ എന്നിവരുടെ ഗുണനിലവാരം ഉയർത്തുന്നതിന് അക്കാദമിക മേഖലയിലെ ഏറ്റവും പുതിയ പുരോഗതികൾ പരിചയപ്പെടുത്തികൊണ്ട് സംസ്ഥാന, ദേശീയ, അന്താരാഷ്ട്ര സമ്മേളങ്ങൾ, സിമ്പോസിയങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു.<br><br>കൂടാതെ യു.ജി.സി. യുടെ NAAC അക്രെഡിറ്റേഷൻ സർവ്വകലാശാലകളുടെ ഗുണനിലവാരം ഉയർത്തുന്നതിന് പ്രേരകമായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**